# മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കംനില്ക്കുന്നവർക്കു വേണ്ടിയും ദേശീയകമ്മീഷൻ രൂപീകരിക്കണം

പിന്നാക്കസമുദായങ്ങൾക്കുവേണ്ടി ഭരണഘടനാപദവികളോടെ ദേശീയകമ്മീഷൻ രൂപീകരിക്കാൻ കേന്ദ്രമന്ത്രിസഭ തീരുമാനിച്ചതായും, ഇതിനായി ഇപ്പോൾ നിലവിലുള്ള പിന്നാക്കവിഭാഗ ദേശീയകമ്മീഷൻ പിരിച്ചുവിടുമെന്നും, പുതിയ കമ്മീഷൻ രൂപീകരിക്കാനുള്ള ബില്ല് താമസിയാതെ പാർലമെന്റിൽ അവതരിപ്പിക്കുമെന്നും ആണ് അറിയുന്നത്. മുന്നാക്കസമുദായങ്ങളൊഴിച്ച് ബാക്കി വിഭാഗങ്ങൾക്കെല്ലാം ദേശീയതലത്തിൽ ഇത്തരം കമ്മീഷൻ നിലവിലുണ്ടെന്നിരിക്കെ, മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കംനില്ക്കുന്നവർക്ക് മാത്രമായിട്ടെങ്കിലും ദേശീയതലത്തിൽ ഒരു കമ്മീഷൻ രൂപീകരിക്കാനുള്ള ആലോചന കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകാതിരിക്കുന്നത് ആ വിഭാഗത്തോടുള്ള അവഗണനയും വിവേചനവുമാണ്.

നമ്മുടെ രാജ്യം ഇന്ന് നേരിടുന്ന പ്രധാന സാമൂഹ്യപ്രശ്നങ്ങളിൽ ഒന്ന് മുന്നാക്കവിഭാഗങ്ങളോടുള്ള ബോധപൂർവ്വമായ അവഗണനയാണ്. മുന്നാക്കവിഭാഗങ്ങളുടെ നീതി നിഷേധിച്ചും അവരുടെ ആവശ്യങ്ങളെ അവഗണിച്ചുകൊണ്ടും ചിലരോടു മാത്രമുള്ള പ്രീണനം ഒരു രാഷ്ട്രീയശൈലിയായി ഇൻഡ്യയിൽ വളർന്നുവരുന്നു എന്നത് അപകടകരമായ ഒരു സാമൂഹ്യവിപത്താണ്. മതേതരരാഷ്ട്രമായ ഭാരതത്തിന്റെ കെട്ടുറപ്പിനെതന്നെ ബാധിക്കുന്ന ഈ വിഷയം ഭരണാധികാരികളും രാഷ്ട്രീയപാർട്ടികളും ജനപ്രതിനിധികളും വളരെ ഗൗരവമായി കാണണം. സമൂഹത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്തുകയും സമൂഹത്തിന് എക്കാലവും ആശ്രയമായി നിലകൊള്ളുകയും ചെയ്തിരുന്ന മുന്നാക്കവിഭാഗങ്ങളെ പാർശ്വവൽക്കരിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ നീക്കം പ്രതിഷേധാർഹവും കുറ്റകരമായ മനുഷ്യാവകാശലംഘനവുമാണ്. വോട്ടുബാങ്കുകളെ മാത്രം മുൻനിർത്തിയുള്ള രാഷ്ട്രീയപ്രീണനം രാഷ്ട്രത്തിന്റെ അഖണ്ഡതയ്ക്കുതന്നെ ഭീഷണിയായി നിലകൊള്ളുമെന്ന കാര്യത്തിൽ സംശയമില്ല. ഒരുകാലത്ത് സമൂഹത്തിൽ ഏറെ ദുരിതമനുഭവിച്ചിരുന്ന പിന്നാക്കവിഭാഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുവാൻ നേതൃത്വം നൽകിയത് മുന്നാക്കവിഭാഗം തന്നെയാണ് എന്നകാര്യം വിസ്മരിച്ചുകൂടാ. പിന്നാക്കവിഭാഗക്കാരുടെ ആവശ്യങ്ങളും അവകാശങ്ങളും ആനുകൂല്യങ്ങളും നിലനിർത്തുകയും കൂടുതൽ കരുതലോടെ അവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനും കാലികസമീപനം വേണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ, മുന്നാക്കവിഭാഗത്തെ പൂർണ്ണമായും ചവുട്ടിത്താഴ്ത്തിക്കൊണ്ടുള്ള രാഷ്ട്രീയനേതൃത്വങ്ങളുടെ പിന്നാക്കപ്രീണനം കുറ്റകരം തന്നെയാണ്.

ഇൻഡ്യയിൽ അങ്ങോളമിങ്ങോളം ഈ വിഷയത്തിൽ പല തലങ്ങളിൽ ചെറുതും വലുതുമായ ചർച്ചകൾ നടക്കുന്നുണ്ട്. സഹിഷ്ണുതയോടെ നടത്തുന്ന ഇത്തരം അഭിപ്രായപ്രകടനങ്ങളും ചർച്ചകളും വേണ്ടത്ര രീതിയിൽ ഭരണനേതൃത്വങ്ങൾ ഇപ്പോഴും ശ്രദ്ധിക്കാതെപോകുന്നത് അപകടകരമാണ്.

നിലവിൽ സംവരണാനുകൂല്യം ലഭിക്കാത്ത മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരെ കണ്ടെത്താനുള്ള മാനദണ്ഡവും, അവർക്കായുള്ള ക്ഷേമപദ്ധതികളും നിശ്ചയിക്കുന്നതിനായി റിട്ട. മേജർ ജനറൽ എസ്.ആർ. സിൻഹു ചെയർമാനായുള്ള മൂന്നംഗ ദേശീയകമ്മീഷനെ 2006-ൽ അന്നത്തെ കേന്ദ്രസർക്കാർ നിയമിച്ചത് ഇക്കാര്യത്തിൽ പുതിയ ഒരു കാൽവെയ്പായിരുന്നു. മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, പാർപ്പിടം തുടങ്ങിയ മേഖലകളിൽ ക്ഷേമപദ്ധതികൾ ലഭ്യമാക്കുന്നതിന് ദേശീതലത്തിലും സംസ്ഥാനതലത്തിലും മുന്നാക്കവിഭാഗക്ഷേമകോർപ്പറേഷനും, മുന്നാക്കവിഭാഗസ്ഥിരംകമ്മീഷനും വേണമെന്നുള്ള ശിപാർശ പ്രസ്തുത റിപ്പോർട്ടിൽ ഉണ്ടായിരുന്നു. എന്നാൽ, പ്രസ്തുതകമ്മീഷൻ കേന്ദ്രസർ ക്കാരിന് 2010 ജൂലൈയിൽ സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഇന്നേവരെ നടപടിയൊന്നുമുണ്ടായതായി അറിവില്ല. റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇപ്പോഴത്തെ കേന്ദ്രസർക്കാർമുമ്പാകെ 2014 ജൂലൈയിൽ എൻ.എസ്.എസ്. നിവേദനം സമർപ്പിച്ചെങ്കിലും അതിന്മേലും നടപടിയൊന്നും ഇതേവരെ ഉണ്ടായിക്കണ്ടില്ല.

ഈ വൈകിയവേളയിലെങ്കിലും, മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കംനില്ക്കുന്നവർക്കുവേണ്ടിയും ദേശീയതലത്തിൽ ഭരണഘടനാപദവികളോടെ കമ്മീഷൻ രൂപീകരിക്കുവാൻ ആവശ്യമായ സത്വരനടപടി കേന്ദ്രഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. പതിറ്റാണ്ടുകളായി നായർ സർവീസ് സൊസൈറ്റി ഉന്നയിച്ചുകൊണ്ടിരിക്കുന്ന ഒരു ആവശ്യം കൂടിയാണ് ഇത്.